# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6204

02.04.2018-ൽ മറുപടിക്ക്

## കാർഷികസഹകരണസംഘങ്ങൾക്ക് നബാഡിന്റെ സഹായം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾക്ക് നബാഡിന്റെ സഹായം ലഭിക്കു ന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ നബാർഡിന്റെ സഹായം ലഭിക്കുന്നില്ല. അപ്പക്സ് സ്ഥാപനങ്ങൾ മുഖേനയാണ് നബാർഡ് പുനർവായ്പയും സഹായവും നൽകുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയാണ് വിവിധ പദ്ധതികളിലായി ലഭിച്ചിട്ടുള്ളത്; അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അപ്പക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന ക്ഷീര വികസന സംരംഭകത്വ സബ്സിഡി ഇനത്തിൽ 1.78 കോടി രൂപയും, കോഴി വളർത്തൽ സബ്സിഡി ഇനത്തിൽ 1.74 കോടി രൂപയും, മൃഗസംരക്ഷണ സബ്സിഡി ഇനത്തിൽ ആട് വളർത്തലിനായി 6.19 ലക്ഷം രൂപയും, പന്നിവളർത്തൽ ഇനത്തിൽ 30.77 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3,88,96,000/- രൂപ വിവിധ പദ്ധതികൾക്കായി ലഭിച്ചത് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ (പി സി എ ആർ ഡി ബി) മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന കാർഷിക വികസന ബാങ്ക് എത്ര കോടി രൂപയുടെ കാർഷികവായ്പ നൽകിയിട്ടുണ്ട്; എത്ര ശതമാനം പലിശയ്ക്കാണ് വിവിധ വായ്പകൾ നൽകിവരുന്നത്; വ്യക്തമാക്കുമോ? | (സി) | 2016-17 വർഷം 600 കോടി രൂപയും 2017-18 ൽ 480 കോടി രൂപയും ഉൾപ്പെടെ 1080/- കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 5 വർഷക്കാലാവധിയുള്ള [ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട് (LTRCF)] വായ്പകൾ 8.5% പലിശ നിരക്കിലും മറ്റ് കാർഷിക വായ്പകൾ 11% പലിശനിരക്കിലുമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ